ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങാനുദ്ദേശിക്കുന്ന '79' സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു.†

(സി) ഇപ്പോൾ പരിഗണനയിലില്ല

(ഡി) സർക്കാർ അംഗീകരിച്ച മുൻഗണനാലിസ്റ്റ് പ്രകാരം പോലീസ് ഡയറക്ടർ ജനറലിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

കോട്ടായി പോലീസ് സ്റ്റേഷൻ പണിക്ക് ഭരണാനുമതി

96(1580) ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിലെ കോട്ടായി പോലീസ് സ്റ്റേഷൻ കെട്ടിടം പണിക്ക് വേണ്ട ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പണിക്കാവശ്യമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടം പണി ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) പരിശോധിച്ചുവരികയാണ്.

മ്യൂസിയം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചന്ദനമരം മുറിച്ചുമാറ്റുന്ന സംഭവം

98(1582) ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനതിർത്തിയിൽ ചന്ദനമരം മുറിച്ചു മാറ്റുന്ന സംഭവം വ്യാപകമായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇതിൽ ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനി പിടികിട്ടാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷനതിർത്തിയിൽ ചന്ദനമരം മുറിച്ച് കടത്ത് വ്യാപകമായതിനെക്കുറിച്ച് പോലീസിന്റെ ഒരു പ്രത്യേക ടീമിനെക്കൊണ്ട് അന്വേഷണം നടത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് ഇതുവരെ ഒൻപതു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ടി കേസുകളിലെ പ്രതികളാരെന്നു വെളിവായിട്ടില്ലാത്തതിനാൽ അറസ്റ്റു ചെയ്തിട്ടില്ല. കേസ് ഊർജ്ജിതമായ അന്വേഷണത്തിലാണ്.

(ഡി) തിരുവനന്തപുരം സിറ്റി ക്രൈം ഡിറ്റാച്ചുമെന്റ് ഡിവൈ.എസ്.പി യുടെ കീഴിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് പ്രത്യേക അന്വേഷണം നടത്തിവരുന്നു.

പോലീസ് വാഹനങ്ങളുടെ ഇന്ധനച്ചെലവ്

99(1585) ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 1999 ഡിസംബർ ഒന്നുമുതൽ ഫെബ്രുവരി 10 വരെ പോലീസ് വാഹനങ്ങൾക്ക് പെട്രോൾപമ്പിൽ നിന്നും എത്ര ലിറ്റർ വീതം ഇന്ധനം നിറച്ചു എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കാൻ എത്ര രൂപ സർക്കാർ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിലെ വിവിധ പെട്രോൾപമ്പുകളിൽ ഓരോന്നിലും പോലീസ് വാഹനങ്ങൾക്ക് ഇന്ധനം നിറച്ച വകയിൽ എത്ര രൂപ കുടിശ്ശിക ഉണ്ട് എന്ന് വ്യക്തമാക്കുമോ; ഇത് എപ്പോൾ കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പമ്പുകളിൽ ഇന്ധനവില നൽകാത്തതുമൂലം പോലീസ് വാഹനങ്ങൾക്ക് ഇന്ധനം നിഷേധിക്കുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കണ്ണൂർ ജില്ലയിലെ പ്രത്യേക ക്രമസമാധാന പ്രശ്നം കണക്കിലെടുത്ത് ഇന്ധനം ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയ പരിധിയിൽ നിന്നും ജില്ലയിലെ പോലീസ് വാഹനങ്ങളെ ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 1999 ഡിസംബർ ഒന്നുമുതൽ ഫെബ്രുവരി 10 വരെ പോലീസ് വാഹനങ്ങൾക്ക് 41839 ലിറ്റർ ഇന്ധനം നിറച്ചു.

(ബി) 11,99,000/-

(സി) ജില്ലയിലെ വിവിധ പെട്രോൾപമ്പുകളിൽ ഓരോന്നിലും 2000 ഫെബ്രുവരി 28 വരെ കൊടുത്തുതീർക്കാനുള്ള കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

		രൂപയിൽ
1.	നാഷണൽ പെട്രോളിയം, കണ്ണൂർ	- 4,54,533.05
2.	ഡി. ഗംഗാധരൻ, കണ്ണൂർ	- 1,15,000.00
3.	സൂപ്പർ സർവീസ് സ്റ്റേഷൻ തലശ്ശേരി	- 3,13,434.32

LIBRARY ARCHIVES Kerala Legislative Assembly